കോടി രൂപയുടെ 'സെക്കൻഡറി ഹെൽത്ത് സിസ്റ്റം പ്രോജക്ട്' ലോക ബാങ്കിന്റെ പരിഗണനയിലാണ്. സംസ്ഥാനത്തെ മെഡിക്കൽ കോളേജാശുപത്രികളുടെ വികസനത്തിനായി 128 കോടി രൂപയുടെ ഒരു പദ്ധതി ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രോഗനിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിയും കോഴിക്കോട് മെഡിക്കൽ കോളേജിൽ ട്രോമാകെയർ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളേജുകൾ 'സെന്റർ ഓഫ് എക്സലൻസ്' ആക്കുന്നതിനുള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കുറ്റ്യാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആർ. സി. എച്ച്. പദ്ധതി പ്രകാരം വികസനപ്രവർത്തനങ്ങൾ നടന്നുവരുന്നു. തിരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ആയഞ്ചേരി, മണിയൂർ, ആവള, മേപ്പയൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വേളം, നടുപ്പോയിൽ, ഉരാത്ത്, കുളപ്പിനാട് എന്നീ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവയെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

എയിഡ്സ് രോഗ ചികിൽസയ്ക്കുള്ള സൗകര്യം

132 [133] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയിഡ്സ് രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിൽ എയിഡ്സ് രോഗ ചികിത്സക്കുള്ള സൗകര്യങ്ങൾ പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ

(ഡി) സംസ്ഥാനത്തെ എയിഡ്സ് രോഗികൾക്ക് സൗജന്യ ചികിൽസ ലഭ്യമാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) സർക്കാർ ആശുപത്രികളിൽ എത്തുന്ന എല്ലാ രോഗികൾക്കും ചികിത്സ നല്കുന്നുണ്ട്. ഇതിനു വേണ്ടി ഡോക്ടർമാർക്കും മറ്റു ജീവനക്കാർക്കും പരിശീലനം നല്കിയിട്ടുണ്ട്. കൂടാതെ എയിഡ്സ് രോഗികൾക്ക് ഉണ്ടാകുന്ന അനുബന്ധ രോഗങ്ങൾക്ക് വേണ്ട മരുന്നുകൾ നല്കുന്നുണ്ട്. ഇവർക്കുണ്ടാകാവുന്ന മുഖ്യ രോഗമായ ക്ഷയരോഗത്തിന് സൗജന്യമായി ചികിത്സ നല്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി & ഇ) ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ എയിഡ്സ് രോഗികൾക്കാവശ്യമായ ആന്റി റിട്രോവൈറൽ (A.R.T.) മരുന്നുകൾ സൗജന്യമായി മെഡിക്കൽ കോളേജ് ആശുപത്രികളിലും തുടർന്ന് ജില്ലാ ആശുപത്രികളിലും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി 1 കോടി 65 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ വർഷം തന്നെ ഈ മരുന്നുകൾ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ലഭ്യമാക്കാൻ കഴിയുമെന്നു വിശ്വസിക്കുന്നു.

പകർച്ചവ്യാധികൾ തടയാൻ പദ്ധതികൾ

133 [134] ശ്രീ. ഷിബു ബേബിജോൺ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ പരിപാലനരംഗത്ത് കൂടുതൽ ശ്രദ്ധിക്കേണ്ട പകർച്ചവ്യാധികൾ തടയുവാൻ എന്തെങ്കിലും പുതിയ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലമ്പനി, മന്ത്, ഡെങ്കിപ്പനി, ജപ്പാൻ ജ്വരം, കാലാ ആസാർ, മഞ്ഞപ്പനി മുതലായ രോഗങ്ങൾ തടയുന്നതിനായി നാഷണൽ വെക്ടർബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാം എന്ന പ്രത്യേക പദ്ധതി കേന്ദ്ര സഹായത്തോടുകൂടി നടപ്പാക്കുന്നുണ്ട്. കൂടാതെ 2010-ാം ആണ്ടോടുകൂടി മന്തുരോഗം നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യം വച്ച് ഈ വർഷം മുതൽ മാസ് ഡ്രഗ്ഗ് അഡ്മിനിസ്ട്രേഷൻ ജൂൺ 5-ന് അഖിലേന്ത്യാ തലത്തിൽ നടത്തുന്നുണ്ട്. അതുപോലെ കൊതുകു നശീകരണത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും കുത്താടികളെ ഭക്ഷിക്കുന്ന മത്സ്യങ്ങളെ വളർത്തി കിണറുകളിലും ചെറിയ ജലാശയങ്ങളിലും നിക്ഷേപിക്കുവാൻ പദ്ധതികളുണ്ട്. ഇതിനുപുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഫോഗിംഗും സ്പ്രേയിംഗും നടത്തിവരുന്നുണ്ട്.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly